# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4512 — 13.11.2019-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എം. സി. കമറുദ്ദീൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ക്ഷീരവികസന പരിപാടികൾ വിശദമാക്കാമോ; | (എ) താഴെ പറയുന്ന ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>• മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>• തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>• ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>• ഹീഫർ പാർക്ക്<br>• ക്ഷീരഗ്രാമം<br>• ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>• പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>• സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ഭൂരിഭാഗം പഞ്ചായത്തുകളിലും ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ഒരു ലിറ്റർ പാലിന് വകുപ്പിന്റെ സബ്സിഡി ഉൾപ്പെടെ നാല് രൂപ വരെ സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ഗൗരവമായി കണ്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ രണ്ട് അതിർത്തി ചെക്ക് പോസ്റ്റുകളിൽ മാത്രമാണ് സ്ഥിരം പാൽ പരിശോധനാ സംവിധാനമുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന് ചെക്ക്പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടികൾ ഉണ്ടെങ്കിലും സ്ഥിരം പരിശോധനാ സംവിധാനം ഇല്ല. മറ്റ് അതിർത്തി ചെക്ക് പോസ്റ്റുകൾ മുഖേന കൊണ്ടു വരുന്ന പാൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലില്ലാത്തതിനാലാണ് കാര്യക്ഷമമായ പരിശോധന നടത്തുവാൻ കഴിയാത്തത്. ഈ വസ്തുത ഗൗരവമായി കാണുന്നു.

(സി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പാൽ കമ്പനികൾ ഏതെല്ലാമാണ്;

(സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ രണ്ടു വർഷമായി ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ ബ്രാൻഡുകൾ ഒന്നുംതന്നെ നിരോധിച്ചിട്ടില്ല.

(ഡി) നിരോധിക്കപ്പെട്ട പാൽ കമ്പനികൾ അടുത്ത ദിവസം തന്നെ പുതിയ നാമത്തിലും നിറത്തിലും മാർക്കറ്റിലെത്തുന്നതായ വിവരം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരമുള്ള നിയമനടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**